5091/ഇ.2/2015/കെ.എസ്.എഫ്.ഡി.സി. 26.11.2019

# കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

# കൺസൽട്ടിംഗ് എഞ്ചിനീയർ നിയമനം നിബന്ധനകൾ

കൺസൽട്ടിംഗ് എഞ്ചിനീയറായി സേവനം പ്രദാനം ചെയ്യുന്നതിനു സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാരിൽ (എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിൽ കുറയാത്തവരിൽ) നിന്നും അപേക്ഷ ക്ഷണിക്കുന്നു. കൺസൽട്ടിംഗ് എഞ്ചിനീയർക്കുവേണ്ട യോഗ്യത, പ്രായപരിധി, ചുമതലകൾ, പ്രതിഫലം എന്നിവ ചുവടെ ചേർക്കുന്നു. പ്രായ പരിധി പരമാവധി 65 വയസ്സ്.

I.

| യോഗ്യത | ചുമതലകൾ | പ്രതിഫലം |
|---|---|---|
| ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലുള്ള ബിരുദം. എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്തവർ (സർക്കാർ വകുപ്പിൽ / പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും വിരമിച്ചവർ) | എ) എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവയുടെ സൂക്ഷ്മ പരിശോധന, 5 ലക്ഷത്തിനുമുകളിലുള്ള ബില്ലുകളുടെ വിശദമായ പരിശോധന.<br>ബി) ആവശ്യമെങ്കിൽ ഡിസൈനിംഗും, എസ്റ്റിമേഷനുംസ്വന്തമായി ചെയ്തു നല്കേണ്ടതാണ്. | എ) ഓരോ പ്രതിദിന സന്ദർശനത്തിനും 5,000/- രൂപ.<br><br>ബി).എസ്റ്റിമേഷൻ - എസ്റ്റിമേറ്റുകളുടെ 2.5% (സന്ദർശന ഫീസ് ഇല്ല) |

II. തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തേക്കുള്ള യാത്രയ്ക്ക് റ്റി.എ/ഡി.എ (സർക്കാർ നിയമങ്ങൾക്ക് വിധേയമായി) അനുവദിയ്ക്കുന്നതാണ്.

III. തിരഞ്ഞെടുക്കപ്പെടുന്നവർ കെ.എസ്.എഫ്.ഡി.സി.യുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കേണ്ടതാണ്.

IV. ഒരു വർഷത്തേക്കാണ് കൺസൽട്ടിംഗ് എഞ്ചിനീയറായി നിശ്ചയിക്കുക. ആവശ്യമെങ്കിൽ കാലാവധി ഉചിതമായി നീട്ടി നല്കുന്നതാണ്.

V.എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത റാങ്കിലാണ് സേവനം അനുഷ്ടിച്ചിരുന്നത് എന്നതിന്റെ സാക്ഷ്യപത്രം സമർപ്പിക്കേണ്ടാതണ്.

VI.സർക്കാർ വകുപ്പ്/പോതുമേഖലാ സ്ഥാപനങ്ങളിൽ സേവനം ചെയ്തതിനിടയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ സംബന്ധിച്ച ലഘുവിവരണം കൂടി സമർപ്പിക്കേണ്ടതാണ്.

മാനേജിംഗ് ഡയറക്ടർ